(ബി) 40 മെഗാവാട്ട്.

(സി) 16-1-2009-ലാണ് ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചത്. കരാർ പ്രകാരം 19-5-2012-ൽ പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ പദ്ധതിക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിൽ ഉണ്ടായ കാലതാമസംമൂലം പദ്ധതി പൂർത്തിയാക്കുവാൻ കാലതാമസം ഉണ്ടായിട്ടുണ്ട്. 2016 സെപ്റ്റംബറിൽ പൂർത്തിയാക്കാനാണ് ഇപ്പോൾ ലക്ഷ്യമിട്ടിരിക്കുന്നത്.

അനെർട്ടിലെ നിയമനങ്ങൾ

59 (4641) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം അനെർട്ട് എന്ന സ്ഥാപനത്തിൽ എത്ര സ്ഥിര നിയമനങ്ങൾ നടത്തിയിട്ടുണ്ട് ;

(ബി) ഏതൊക്കെ തസ്തികകളിൽ ആരെയൊക്കെയാണ് നിയമിച്ചിരിക്കുന്നതെന്ന് മേൽവിലാസം, എണ്ണം എന്നിവ ഉൾപ്പെടെ വിശദമാക്കുമോ ;

(സി) ഇവരുടെ ശമ്പള സ്കെയിലുകൾ സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം അനെർട്ടിൽ സ്ഥിരനിയമന ങ്ങളൊന്നും നടത്തിയിട്ടില്ല.

(ബി&സി) ബാധകമല്ല.

പെറ്റ്കോക്ക് അടിസ്ഥാനമായ വൈദ്യുത നിലയം

60 (4642) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2015-16-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിട്ടുള്ള എഫ്. എ. സി.- റ്റി.-യിൽ ആരംഭിക്കുന്ന പെറ്റ്കോക്ക് അടിസ്ഥാനമായ വൈദ്യുത നിലയം, വാതകാധിഷ്ഠിത വൈദ്യുതി പദ്ധതികൾ എന്നിവയുടെ പുരോഗതി അറിയിക്കുമോ ; ഇവ ഓരോന്നും എന്ന് കമ്മീഷൻ ചെയ്യാനാകുമെന്നുള്ള വിശദമായ വിവരം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

പെറ്റ്കോക്ക് ഉപയോഗിച്ചുള്ള വൈദ്യുതപദ്ധതി നടപ്പിലാക്കാൻ എഫ്.എ.സി.റ്റി.-യുടെ കൈവശമുള്ള 150 ഏക്കർ ഭൂമിയാണ് യോഗ്യമായി കണ്ടെത്തിയിട്ടുള്ളത്. സർക്കാർ ഏറ്റെടുത്ത് എഫ്.എ.സി.റ്റി.-ക്ക് നൽകിയിരുന്ന സ്ഥലം സംസ്ഥാന സർക്കാരിന് തിരികെ നൽകുന്നതിന് പ്രാരംഭമായി എഫ്.എ.സി.റ്റി.-യുടെ കൈവശ ഭൂമിയിന്മേൽ അവർക്ക് ഫ്രീ ഹോൾഡ് നൽകിക്കൊണ്ട് 7-5-2015-ൽ സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ട്.

സർക്കാർ ഉടമസ്ഥതയിലുള്ള പൊതു സ്വകാര്യ പങ്കാളിത്ത സ്ഥാപനമായ 'ഇൻകെൽ' (INKEL) പെറ്റ്കോക്ക് പദ്ധതി നടപ്പിലാക്കാൻ താല്പര്യം പ്രകടിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 27-11-2013-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷ തയിൽ നടന്ന ചർച്ചയിൽ പദ്ധതി നടപ്പിലാക്കുന്നതിന് ഇൻകെലിന് മുൻതൂക്കം ലഭിക്കുമാറ് 'സ്വിസ്സ് ചാലഞ്ച്' രീതി ഉപയോഗപ്പെടുത്താൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇതനുസരിച്ച് കേസ് 2 അടിസ്ഥാനത്തിൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് വിളിക്കുന്ന ടെണ്ടറിന് മുന്നോടിയായി ഒരു പ്രാഥമിക ഓഫർ നൽകാൻ ഇൻകെലിനോട് ആവശ്യപ്പെടുകയും ഓഫർ ഗവൺമെന്റിന് നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതിക്കാവശ്യമായ പെറ്റ് കോക്കിന്റെ വില സംബന്ധിച്ച് ബി.പി.സി.എല്ലുമായി ഗവൺമെന്റ് തലത്തിൽ ചർച്ചകൾ പുരോഗമിച്ചുവരുന്നു.

ബ്രഹ്മപുരത്തെ കേടായ രണ്ട് ജനറേറ്ററുകൾ മാറ്റി വാതകാധിഷ്ഠിത ജനറേറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടക്കുന്നു. ടെൻഡർ വിളിച്ച് M/s. Wartsila എന്ന കമ്പനിക്ക് 3-6-2015-ൽ 'ലെറ്റർ ഓഫ് അവാർഡ്' നൽകിയിട്ടുണ്ട്. കമ്പനിയുമായി ഉടൻതന്നെ എഗ്രിമെന്റ് വയ്ക്കുന്നതാണ്.

ബ്രഹ്മപുരത്ത് 400 MW-ന്റെ വാതകാധിഷ്ഠിത പദ്ധതിക്കാവശ്യമായ EIA സ്റ്റഡിയുടെ ഭാഗമായി TOR-(ടേംസ് ഓഫ് റഫറൻസ്) പുതുക്കി നൽകുന്നത് SEIAA (സ്റ്റേറ്റ് ഏൻവയോൺമെന്റൽ ഇംപാക്ട് അസ്സസ്സ്മെന്റ് ഏജൻസി)-യുടെ പരിഗണനയിലാണ്. എഞ്ചിനീയറിംഗ് കൺസൾട്ടൻസി സർവ്വീസ് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് നൽകുന്നതിന് NTPC സമ്മതിച്ചിട്ടുണ്ട്. പദ്ധതിക്കാവശ്യമായ വെള്ളം ലഭ്യമാക്കുന്നതിനുള്ള ചർച്ചകൾ KINFRA-യുമായി നടന്നുവരുന്നു. കേടായ ജനറേറ്ററുകൾ മാറ്റി വാതകാധിഷ്ഠിത ജനറേറ്ററുകൾ മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തി ഈ വർഷം പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തര പ്രകൃതി വാതകത്തിന്റെ ലഭ്യതക്കുറവും അന്താരാഷ്ട്ര ക്രൂഡോയിലിന്റെ വിലയുമായി ഇറക്കുമതിചെയ്യുന്ന പ്രകൃതി വാതകത്തിന്റെ വില ബന്ധപ്പെട്ടിരിക്കുന്നതിനാൽ വിലയിലുണ്ടാകാവുന്ന ഏറ്റക്കുറച്ചിലുകളെക്കുറിച്ചുള്ള ആശങ്കയും വാതകാധിഷ്ഠിത പദ്ധതികൾ തുടങ്ങുന്നതിന് അനുകൂലമല്ലാത്ത സാഹചര്യം ഉളവാക്കുന്നു.

ആഭ്യന്തരപ്രകൃതി വാതകം ലഭ്യമാക്കുകയും വാതകപൈപ്പ് ലൈൻ ശൃംഖലയുടെ നിർമ്മാണം പൂർത്തിയാകുകയുംചെയ്യുന്നതുവരെമാത്രമേ പരിഗണനയിലുള്ള വാതകാധിഷ്ഠിത പദ്ധതികളുടെ പ്രവർത്തനം ആരംഭിക്കാൻ കഴിയുകയുള്ളൂ.

അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി

61 (4643) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അതിരപ്പിള്ളി ജലവൈദ്യുതി പദ്ധതി നടപ്പിലാക്കണമെന്ന നിലപാടാണോ കെ. എസ്. ഇ. ബി.-ക്കും സംസ്ഥാന സർക്കാരിനുമുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) അനുകൂല നിലപാടാണ് ഉള്ളതെങ്കിൽ പദ്ധതി നടപ്പാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിക്ക് എതിരായി നിലവിലുള്ള സാഹചര്യങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പാരിസ്ഥിതികാനുമതിക്കായി കേന്ദ്രപരിസ്ഥിതി മന്ത്രാലയത്തെ വീണ്ടും സമീപിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് സമീപിച്ചത് ; എന്തായിരുന്നു മന്ത്രാലയത്തിന്റെ പുതിയ നിലപാട് ;

(ഇ) പദ്ധതിക്ക് എതിരായി ഹരിത ട്രൈബ്യൂണലിൽ നിലവിൽ കേസ്സുകൾ ഉണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി നടപ്പിലാക്കണമെന്ന നിലപാടാണ് കെ.എസ്.ഇ.ബി.എൽ.-നും സർക്കാരിനുമുള്ളത്.

(ബി) 19-3-2015-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ വകുപ്പ് മേധാവികളുടെ യോഗത്തിൽ പാരിസ്ഥിതിക മന്ത്രാലയത്തിന്റെ അനുമതി ലഭിക്കുന്ന മറ്റു പദ്ധതിയുമായി മുന്നോട്ടു പോകുന്നതിന് കെ.എസ്.ഇ.ബി. ലിമിറ്റഡിന് അനുമതി നൽകിക്കൊണ്ട് തീരുമാനം എടുത്തിട്ടുണ്ട്. ഡോക്ടർ കസ്തൂരിരംഗൻ അദ്ധ്യക്ഷനായ HLWG (High Level Working Group)-യുടെ ശിപാർശ പ്രകാരം കെ.എസ്.ഇ.ബി.-യിൽ

LIBRARY ARCHIVES Kerala Legislative Assembly